**ഏഷ സാംഖ്യവിധി: പ്രോക്ത: സംശയഗ്രന്ഥിഭേദന:**
**പ്രതിലോമാനുലോമാഭ്യാം പരാവരദൃശാ മയാ (11-24-29)**

*ഭഗവാൻ കൃഷ്ണൻ തുടർന്നു:*
ഏതൊരു ജ്ഞാനംകൊണ്ട് ഒരുവൻ അജ്ഞാനത്തിന്റെയും മോഹത്തിന്റെയും ദു:ഖത്തിന്റെയും ബന്ധനത്തിൽ നിന്നും മോചിതനാവുമോ, ആ ജ്ഞാനം ഞാൻ നിങ്ങൾക്കായി പറഞ്ഞു തരാം.

സൃഷ്ടിക്കു മുൻപ് പരബ്രഹ്മം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഈ അപരിമേയസത്വത്തിൽ ദ്വന്ദഭാവസാദ്ധ്യത അടങ്ങിയിട്ടുള്ള, മാസ്മരികശക്തിയുള്ള മായ ഉയർന്നു. ഈ ദ്വന്ദത, പ്രകൃതിയുടെ ആവിർഭാവത്തോടെ നിലവിൽവന്നു. പ്രകൃതിയെ കാര്യകാരണങ്ങൾ, പുരുഷൻ, ബോധം എന്നിങ്ങിനെ തരംതിരിച്ചിട്ടുണ്ട്. കാലത്തിന്റെ രൂപത്തിൽ ഞാൻ പ്രകൃതിയുടെ സമതുലിതാവസ്ഥക്ക് ഭംഗമേൽപ്പിച്ചതിന്റെ ഫലമായി സത്വ-രജ-തമോഗുണങ്ങൾ ഉണ്ടായി. അതിൽനിന്നു വിശ്വസൂത്രമാനും (ദ്വന്ദഭാവത്തിനും ജീവന്റെ ആവിർഭാവത്തിനും സാദ്ധ്യതയേകുന്നത്) മഹത്തും (വിശ്വബോധം) ഉളവായി. മഹത്തിൽനിന്നും അഹങ്കാരം (വിശ്വാവബോധം) ഉണ്ടായി. അവയെ സാത്വീകഹങ്കാരം, താമസാഹങ്കാരം എന്നിങ്ങിനെ വിഭാഗിച്ചിരിക്കുന്നു.

സാത്വീകഹങ്കാരത്തിൽനിന്നും ദേവതകൾ, രജസീകാഹങ്കാരത്തിൽ നിന്നും ഇന്ദ്രിയങ്ങൾ, തമസാഹങ്കാരത്തിൽ നിന്നും മൂലഭൂതങ്ങൾ, ഇവ ഉണ്ടായി. ഈ അഹങ്കാരത്തെ ആത്മീയമായും ദ്രവ്യപരമായും, ഇവ തമ്മിലുള്ള കണ്ണിയായും കണക്കാക്കി വരുന്നു. ഇവയെല്ലാം ചേർന്ന് വിശ്വാണ്ഡമായി വിശ്വപ്രളയജലത്തിൽ കിടന്നു. അതിൽ നാരായണനായി ഞാൻ ആവിർഭവിച്ചു. എന്റെ നാഭിയിൽനിന്നും സൃഷ്ടികർത്താവായ ബ്രഹ്മാവ് ജനിച്ചു. അദ്ദേഹം ഈ വിശ്വം മുഴുവൻ മൂന്നുതരം ഭൂഗോളങ്ങൾ കൊണ്ടുണ്ടാക്കി. ഭൂലോകം (ഭൂമിയും പാതാളങ്ങളും), ഭുവർലോകം (ഇടനിലയ്ക്കുള്ള ലോകങ്ങൾ), സ്വർലോകം (സ്വർഗ്ഗങ്ങൾ) എന്നിവ. ഈ ലോകങ്ങളിൽ മനുഷ്യരും, അതിമാനുഷരും, ഉപമാനുഷരും അവരുടെ കർമ്മങ്ങൾ അനുഭവിച്ചുതീർക്കുന്നു. സ്വർലോകത്തിനുമപ്പുറം മഹർലോകം, ജനലോകം, തപോലോകം, സത്യലോകം, എന്നിവയാണ്. യോഗാഭ്യാസം, തപസ്സ്, സന്യാസം എന്നിവയിലൂടെ ഈ ലോകങ്ങൾ പ്രാപ്യമാണ്. അതിനെല്ലാമപ്പുറം എന്റെ വാസസ്ഥലമത്രെ. അവിടെയെത്താൻ ഭക്തികൊണ്ടു മാത്രമേ സാധിക്കൂ.

പ്രകൃതിയുടെയും പുരുഷന്റെയും പ്രകടിതരൂപമാണ് സൃഷ്ടികൾ മുഴുവനും. സൃഷ്ടി തുടങ്ങിയപ്പോൾ ഈ രണ്ടു സത്വങ്ങളേ ഉണ്ടായിരുന്നുള്ളൂ. സൃഷ്ടി അവസാനിക്കുമ്പോഴും ഇവർ മാത്രം അവശേഷിക്കും. അതുകൊണ്ട്, സത്യമെന്തെന്നാൽ അവർ മാത്രമേ ഇപ്പോഴും നിലനിൽക്കുന്നുള്ളൂ. പ്രളയകാലം വരുമ്പോൾ സൃഷ്ടിക്കപ്പെട്ടവ മുഴുവനും ഭൂമിയിൽ പ്രവേശിക്കും, ഭൂമി ജലത്തിൽ ലയിക്കും, ജലം അഗ്നിയിൽ ലയിക്കും, അഗ്നി വായുവിലും, വായു ആകാശത്തിലും മറയുന്നു. അങ്ങിനെ ഓരോന്നും അതാതിന്റെ സ്വാഭാവിക ഗുണങ്ങളിലേക്ക് മറയുന്നു. കാര്യം, കാരണത്തിലേക്ക് മടങ്ങിപ്പോവുന്നു. അങ്ങിനെ എല്ലാം അഹങ്കാരത്തിൽ നിമഗ്നമാവുന്നു. അഹങ്കാരം മഹത് തത്ത്വത്തിലും, ത്രിഗുണമാർന്ന മഹത്തത്ത്വം പ്രകൃതിയിലും, പ്രകൃതി പുരുഷൻമാർ വിശ്വപുരുഷനിലും, മായാധിപതിയായ വിശ്വപുരുഷൻ എന്നിലും ലയിക്കുന്നു. "ഞാനിവിടെ വിവരിച്ച സാംഖ്യതത്വം ദു:ഖഹേതുവായ സംശയങ്ങളെയും മോഹത്തെയും നശിപ്പിക്കുന്നു."